പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 500 — 19.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽനിന്നും വിരമിച്ചവരുടെ പെൻഷൻ

**ചോദ്യം** — ശ്രീ. ജി. എസ്. ജയലാൽ

**ഉത്തരം** — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ എത്ര; അവരുടെ തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യിൽ 28.02.2013 വരെയുള്ള കണക്കുപ്രകാരം 36,557 പെൻഷൻകാരുണ്ട്. പെൻഷൻകാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പെൻഷൻകാർക്ക് പെൻഷൻ നൽകുവാൻ പ്രതിമാസം എത്ര രൂപ ആവശ്യമായി വരും; പ്രസ്തുത തുക യഥാസമയം കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനായി പ്രതിമാസം 35 കോടി രൂപ വേണ്ടിവരുന്നുണ്ട്. ടി തുക യഥാസമയം കണ്ടെത്താൻ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കഴിയുന്നില്ല.<br>കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആയത് പ്രകാരം കെ.എസ്.ആർ.ടി.സി. ക്ക് 2012-13 ലെ ബജറ്റിൽ നോൺ പ്ലാൻ ലോണിനത്തിലെ 100 കോടി രൂപക്കും, പ്ലാൻ ഫണ്ട് ഇനത്തിലെ 57.07 കോടി രൂപയ്ക്കും പുറമേ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവു മൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി |

| | | | |
|---|---|---|---|
| | | | രൂപയും തുടർന്ന് അനുവദിക്കുകയുണ്ടായി. കൂടാതെ 2013 മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികളും നടന്നുവരുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.-ക്ക് സ്വമേധയാ പെൻഷൻ തുക നൽകുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാർ മുഖേന നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. യുടെ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വിവിധ ഇനങ്ങളിലായി കെ.എസ്.ആർ.ടി.സി. യ്ക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2012-13 സാമ്പത്തിക വർഷം ആകെ 260.07 കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ